**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് കോർപ്പറേഷനിൽ കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് ഒരു ഓട്ടോമേറ്റഡ്/ഇന്റലിജന്റ് സോഫ്റ്റ് വെയർ വികസിപ്പിച്ച് നടപ്പാക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

സ.ഉ.(എം.എസ്)നം.26/2017/തസ്വഭവ തിരുവനന്തപുരം,തീയതി:28.01.2017

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:
1. ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 31.08.2016 ന് നടന്ന നഗരഗ്രാമാസൂത്രണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ അവലോകന യോഗത്തിന്റെ മിനിറ്റ്സ്.
2. കോഴിക്കോട് നഗരാസൂത്രകന്റെ 16.12.2016 ലെ സി-2550/16-ാം നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് ഒരു ഓട്ടോമേറ്റഡ്/ഇന്റലിജന്റ് സോഫ്റ്റ് വെയർ കോഴിക്കോട് നഗരസഭയിൽ തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള വിശദമായ പ്രൊപ്പോസൽ മുഖ്യനഗരാസൂത്രകൻ വഴി സർക്കാരിൽ സമർപ്പിക്കുന്നതിന് കോഴിക്കോട് നഗരാസൂത്രകൻ ശ്രീ.അബ്ദുൾ മാലിക്കിനെ പരാമർശം (1)ലെ 7-ാം നമ്പർ തീരുമാന പ്രകാരം ചുമതലപ്പെടുത്തിയിരുന്നു.

2) കെട്ടിടനിർമ്മാണ അനുമതിക്കുള്ള അപേക്ഷകൾ കൂടുതൽ സുതാര്യമായും എളുപ്പത്തിലും തീർപ്പാക്കുന്നതിനുള്ള പൈലറ്റ് പദ്ധതി പരാമർശം (2) പ്രകാരം കോഴിക്കോട് ടൗൺ പ്ലാനർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ആയതിൽ കെട്ടിടനിർമ്മാണ അനുമതിക്കുള്ള അപേക്ഷകൾ കൂടുതൽ സുതാര്യമായും എളുപ്പത്തിലും തീർപ്പാക്കുന്നതിനുള്ള ഈ പൈലറ്റ് പദ്ധതി വിജയകരമായി പൂർത്തിയാക്കിയാൽ സംസ്ഥാന വ്യാപകമായി ഉപയോഗിക്കാവുന്നതാണെന്നും സംസ്ഥാനത്തിന്റെ ഇ-ഗവർണൻസ് ശ്രമങ്ങൾക്ക് ഇത് മുതൽക്കൂട്ടാവുമെന്നും സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്ത വിധത്തിലാണ് പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളതെന്നും, പൂർണമായും open source സങ്കേതങ്ങൾ ഉപയോഗിച്ചാണ് ഇതിനാവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതെന്നതിനാൽ സംസ്ഥാന വ്യാപകമായി ഉപയോഗത്തിൽ കൊണ്ടുവരുന്നതിനു കഴിയുമെന്നും, ഇതിന് ലൈസൻസ് ഫീ തുടങ്ങിയ അധിക ചിലവുകൾ വരുന്നതല്ലെന്നും ആയതിനാൽ കോഴിക്കോട് കോർപ്പറേഷനിൽ കെട്ടിടനിർമ്മാണ അനുമതി നൽകുന്ന പ്രവർത്തനത്തിന് ഒരു ഓട്ടോമേറ്റഡ്/ഇന്റലിജെന്റ് സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ഈ പൈലറ്റ് പ്രോജക്റ്റിന് സർക്കാർ അനുമതി നൽകണമെന്നും കോഴിക്കോട് ടൗൺ പ്ലാനർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(തുടർച്ച......2)

3) സർക്കാർ മേൽപ്പറഞ്ഞ പ്രൊപ്പോസൽ വിശദമായി പരിശോധിച്ചു. ആയത് അംഗീകരിക്കാവുന്നതാണെന്ന് സർക്കാർ കാണുന്നു. ഈ സാഹചര്യത്തിൽ കോഴിക്കോട് കോർപ്പറേഷനിൽ കെട്ടിടനിർമ്മാണ അനുമതി നൽകുന്ന പ്രവർത്തനത്തിന് പരാമർശം (2) പ്രകാരം ലഭ്യമാക്കിയ ഓട്ടോമേറ്റഡ്/ഇന്റലിജന്റ് സോഫ്റ്റ് വെയർ പ്രോജക്ട് വികസിപ്പിച്ച് നടപ്പാക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**ഹേമപ്രഭ.ഡി**
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്/പ്ലാനിംഗ്).
സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷാ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ